2. ചെറുകിട നാമമാത്ര കർഷകരെ സഹായിക്കുന്ന പദ്ധതിയനുസരിച്ച്—
   (എ) ചെറുകിട ജലസേചനം
   (ബി) ഭൂവികസനം
   (സി) മിനി കിറ്റ്സ് വിതരണം
3. ഗ്രാമീണ തൊഴിൽ ഭദ്രതാ പരിപാടി
   (ആർ. എൽ. ഇ. ജി. പി.)
4. റൂറൽ ഫംഗ്ഷണൽ ലിറ്ററസി പ്രോഗ്രാം
   (ആർ. എഫ്. എൽ. പി.)
5. പോസ്റ്റർ ലിറ്ററസി പ്രോഗ്രാം
6. പ്രാദേശിക വികസന പരിപാടി
   (എസ്. ഐ. എ. ഡി.)
7. സമഗ്ര മാതൃശിശു സംരക്ഷണ പരിപാടി
8. സംയോജിത ഗ്രാമവികസന പരിപാടി
   (ഐ. ആർ. ഡി. പി.)
9. ഗ്രാമീണ വനിതാ ശിശു ക്ഷേമ പരിപാടി
   (ഡി. ഡബ്ലിയു. സി. ആർ. എ.)
10. ഫുഡ് പ്രോസസ്സിംഗ് ആൻറ് ന്യൂട്രീഷൻ കൗൺസിൽ.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) 1985-86 സാമ്പത്തിക വർഷത്തിൽ സാമൂഹ്യ വികസന പ്രവർത്തനങ്ങൾക്കായി മൊത്തം 57.21 കോടി രൂപ ചെലവായിട്ടുണ്ട്.

ബീഡി തൊഴിലാളി ക്ഷേമനിധി

* 95 [97] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, ഒ. ഭരതൻ:
,, സി. പി. മൂസാൻകുട്ടി:
ശ്രീമതി പി. വേലായുധി:
ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബീഡി തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇത് എന്നു മുതൽ പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) ഉണ്ട്.

(ബി, സി) പ്രസ്തുത വിഷയം കേന്ദ്ര സർക്കാരുമായി എഴുത്തുകുത്തിലാണ്. വിശദാംശങ്ങൾ വെളിപ്പെടുത്താറായിട്ടില്ല.

കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിലെ നിയമനങ്ങൾ

* 96 [98] ശ്രീ. കെ. മൂസ്സക്കുട്ടി:
,, ഇ. പത്മനാഭൻ:
,, വർക്കല രാധാകൃഷ്ണൻ:
,, വി. ജെ. തങ്കപ്പൻ:
,, കെ. പുരുഷോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്കു ഈയിടെ നടന്ന നിയമനങ്ങൾ ചട്ടങ്ങൾ ലംഘിച്ചുകൊണ്ടാണെന്നറിയുന്നത് ശരിയാണോ;

(ബി) ഇതു സംബന്ധിച്ച് നിയമസഭാ കമ്മിറ്റിയുടെ ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിലെ നിയമനങ്ങൾ പി. എസ്. സി. ക്കു വിടാൻ നടപടി സ്വീകരിക്കുമോ;

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) ശരിയല്ല.

(ബി) ഉണ്ട്.

(സി) ഇതിനെപ്പറ്റി ഗവൺമെന്റ് ആലോചിച്ചുവരുന്നതേയുള്ളൂ.

ഗ്രാമ വികസന പദ്ധതി

* 97 [99] ശ്രീ. ഇ. ജെ. ലൂക്കോസ്:
,, വി. വി. ജോസഫ്:
,, പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ വികസന പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം കേരളത്തിൽ എത്ര കോടി രൂപ ചെലവായി;

(ബി) ഇതിൽ കേന്ദ്രവിഹിതം എത്ര;

(സി) എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി., ഐ. ആർ. ഡി. പി. എന്നീ ഇനങ്ങളിൽ ഈ വർഷം ചെലവാക്കുന്നുണ്ടെന്നു കരുതുന്ന തുകകൾ എത്ര?

LIBRARY ARCHIVES Kerala Legislative Assembly